# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## അന്തിമ റിപ്പോർട്ട്

**കിൻഫ്രക്ക് വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനു വേണ്ടികണ്ണൂർ ജില്ലയിലെ മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ വില്ലേജുകളിൽ ഭൂമി ഏറ്റെടുക്കൽ**



**നവംബർ 4, 2019**

**അർത്ഥനാധികാരി**

**കിൻഫ്ര**

**കിൻഫ്ര ഹൗസ്, 31/2312, ശാസ്തമംഗലം,**

**തിരുവനന്തപുരം–695 010**

**ഫോൺ: 0471–2726585**

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**


**രാജഗിരി ഔട്ട്റീച്ച്**

**രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്**

**രാജഗിരി.പി.ഒ., കളമശേരി**

**പിൻ: 683 104**

**ഫോൺ: 0484 2911111– 332/2550785**

rossrajagiri@gmail.com

www.rajagirioutreach.in

# ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതിയുടെ പശ്ചാത്തലം

2.2. പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10.ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ചപദ്ധതിശാസ്ത്രം,സാങ്കേതിക രീതിഎന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായമൊത്തംഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവുംപ്രദേശവും

4.7.ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

**അദ്ധ്യായം 5:ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗംനഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.53 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

## അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം(പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെകുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണസംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെഗുണനിലവാരം

## അദ്ധ്യായം 7 :സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ളമാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരംപുനരധിവാസത്തിനും പുന:സ്ഥാപനത്തിനുംനഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയവിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതിരൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7. അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം.

## അദ്ധ്യായം 8 :സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തംഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

## അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

## അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ്രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11 :നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ

പട്ടിക1.3.1.സ്ഥലങ്ങളുടെ തരം

പട്ടിക 1.5.1.ഫലദായക വസ്തുക്കളിലുള്ള പ്രത്യാഘാതം

പട്ടിക 3.1.1. പഠന സംഘം

പട്ടിക.3.5.1 പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ആശങ്കകളും അർത്ഥനാധികാരിയുടെ മറുപടിയും

പട്ടിക 4.2.1.വീടുകൾ നഷ്ടപ്പെടുന്ന ആഘാതബാധിതരുടെ വിവരങ്ങൾ

പട്ടിക 4.2.2.പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ

പട്ടിക 5.1.1 മതവിഭാഗമനുസരിച്ച് കുടുംബങ്ങളുടെ എണ്ണം

പട്ടിക 5.1.2.ആഘാതബാധിത കുടുംബങ്ങളുടെ സാമൂഹ്യവിഭാഗം

പട്ടിക 5.1.3.കുടുംബഘടന

പട്ടിക 6.1.1.ജനസംഖ്യാപരമായ വിവരങ്ങൾ

പട്ടിക 6.1.2.ആഘാതബാധിത ജനങ്ങളുടെ വൈവാഹികാവസ്ഥ

പട്ടിക 6.2.1 റേഷൻ കാർഡിന്റെ തരം

പട്ടിക 6.2.2 ഭൂമി *ഏറ്റെടുക്കുന്നതിനെക്കുറിച്ച് ആഘാത ബാധിത കുടുംബങ്ങളുടെ അഭിപ്രായം.*

## ചിത്രങ്ങൾ

ചിത്രം 4.7.1. ഭൂമിയുടെ തരം

ചിത്രം 4.7.2. ഭൂമിയുടെ ഉപയോഗം

ചിത്രം 6.2.1.ആഘാതബാധിത കുടുംബങ്ങളുടെ മാസവരുമാനം

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

കിൻഫ്രക്ക് വേണ്ടി കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽപ്പെട്ട മൊകേരി വില്ലേജിലെ വള്ള്യായി ദേശത്തും, ചെറുവാഞ്ചേരി വില്ലേജിലെ ചെറുവാഞ്ചേരി ദേശത്തും, പുത്തൂർവില്ലേജിലെചെണ്ടയാട്ദേശത്തും വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനു 506 ഏക്കർ ഭൂമി ഏറ്റെടുക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി.

ഡിസംബർ 9 2018 ന് ആണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തനം ആരംഭിച്ചത്. ഈ പ്രദേശത്ത് വരാൻ പോകുന്ന വലിയ പദ്ധതികൾക്ക് ഈ സേവനം ഉപയോഗപ്പെടുത്താൻ കഴിയും. കേരളത്തിൻെറ സാമ്പത്തിക വികസനത്തിനു പ്രധാന പങ്കു വഹിക്കാൻ കഴിയുന്ന നിലവാരമുള്ള വ്യവസായങ്ങൾക്ക് കണ്ണൂർ വളരെ അനുയോജ്യമായതാണെന്ന് കണക്കാക്കപ്പെടുന്നു. അതോടൊപ്പം തന്നെ, ഈ പദ്ധതി വിവിധ മേഖലകളിലായി കുറഞ്ഞത് 50,000 (നേരിട്ടും പരോക്ഷമായും) തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് കിൻഫ്ര മുൻകൂട്ടി കാണുന്നു. സാക്ഷരതയിൽ കേരളം ഒന്നാമതാണെങ്കിലും തൊഴിലവസരങ്ങൾ കുറവായതിനാൽ തൊഴിലില്ലായ്മ കുറയ്ക്കുവാൻ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ് സർക്കാർ ഇപ്പോൾ. അതിനായി എടുത്തിരിക്കുന്ന നടപടികളുടെ ആരംഭമാണ് വ്യവസായ പാർക്കുകളുടെ അവതരണം.

## 1.2 സ്ഥലം

| | |
|---|---|
| ദേശങ്ങൾ | വള്ള്യായി, ചെറുവാഞ്ചേരി, ചെണ്ടയാട് |
| പഞ്ചായത്തുകൾ | മൊകേരി, പാട്യം, കുന്നോത്തുപറമ്പ |
| വില്ലേജുകൾ | മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ |
| *താലൂക്ക്* | തലശ്ശേരി |
| ജില്ല | കണ്ണൂർ |

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽപ്പെട്ട മൂന്ന് വില്ലേജുകളിൽ ഉൾപ്പെട്ടതും ജവഹർ നവോദയ സ്കൂൾ, കാർഷിക വികസനത്തോട്ടം, മൊകേരി പഞ്ചായ ത്തിൻെറ പൊതുശ്മശാനം, പ്ലാസ്റ്റിക്ക് നിർമാർജ്ജന പ്ലാൻറ് എന്നിവയോട് ചേർന്നു കിടക്കുന്നതുമായ പ്രദേശമാണ് നിർദ്ദിഷ്ട പ്രദേശം. നിർദ്ദിഷ്ട പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത് കൂത്തുപറമ്പ് റോഡിൽ നിന്നും 6 കി.മി മാറിയാണ്.

## 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും.

മൊകേരി വില്ലേജിലെ67, 75, 76/3, 90/1B, 90/1C, 90/1D, 90/2,90/3, 90/4, 90/5, 90/6, 90/7, 90/8A, 90/8B, 90/9, 90/10/90/11A, 90/11B, 90/12, 91/1, 91/2, 91/3A, 91/3B, 92/1, 92/2, 93/1A, 93/1B, 93/1C, 93/1D, 93/2A, 93/2B സർവ്വേ നമ്പറുകളിലുംചെറുവാഞ്ചേരി വില്ലേജിലെ. 115 and 113സർവ്വേ നമ്പറുകളിലുംപുത്തൂർവില്ലേജിലെ1/1A, 1/1B1, 1/1B2, 1/1B3, ½, 2, 12, 13, 14, 122, 126, 127, 128/1, 128/2, 128/3, 129/1, 129/2, 130, 131, 133/1, 133/2, 1133/3A, 133/3B 133/3C, 133/3D, 133/3E, 133/4, 134/1A1, 134/1A2, 134/1B, 134/2, 135 സർവ്വേ നമ്പറുകളിലും ഉൾപ്പെട്ട 506 ഏക്കർ ഭൂമിയാണ്വ്യവസായ പാർക്കിനുവേണ്ടിഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നത്.നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ജല ലഭ്യതയും വൈദ്യുതിയുടെ ലഭ്യതയും ഉണ്ട്. ഈ സർവ്വേ നമ്പറുകളിൽ 3 വീടുകൾ ഉണ്ടെങ്കിലും അന്തിമ പ്ലാൻ തയ്യാറാക്കുമ്പോൾ ജനവാസമുള്ള വീടുകൾ ഒഴിവാക്കുന്നതാണ്.

***പട്ടിക 1.3.1 സ്ഥലങ്ങളുടെ തരം***

| സ്ഥലങ്ങളുടെ തരം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| ഓപ്പൺ ലാൻറ് | 38 | 30.6 |
| നിലം | 86 | 69.4 |
| **ആകെ** | **124** | **100** |

124 കുടുംബങ്ങൾ തങ്ങളുടെ സ്ഥലത്തിനെക്കുറിച്ചുള്ള വിവരങ്ങൾ പങ്കു വച്ചെ ങ്കിലും കുറച്ചു കുടുംബങ്ങൾ പ്രസ്തുത വിവരങ്ങൾ പങ്കു വെക്കാൻ വിസമ്മതിച്ചു. പഠന വിധേയരാക്കിയ 124 ആഘാതബാധിത വ്യക്തികളിൽ 38വ്യക്തികളുടെ സ്ഥലം "ഓപ്പൺ ലാൻറ്" വിഭാഗത്തിലും 86 വ്യക്തികളുടേത് "നിലം" വിഭഗത്തിലും പെടുന്നു എന്ന് പട്ടിക 1.3.1. വെളിപ്പെടുത്തുന്നു.

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിർദ്ദിഷ്ട പ്രദേശത്ത് വ്യവസായത്തിനും മറ്റുമുള്ള വെള്ളം, വൈദ്യുതി എന്നിവയുടെ ലഭ്യത വളരെ കൂടുതലുമായതിനാൽ ഈ പ്രദേശം നിർദ്ദിഷ്ട പദ്ധതിക്ക് ഏറ്റവും അനുയോജ്യമാണ്. മാഹി പുഴയുമായി ലയിക്കുന്ന പാത്തിപാലം പുഴ നിർദ്ദിഷ്ട പ്രദേശത്തിനടുത്താണ്. ആൾതാമസം ഇല്ലാത്തതും, സിംഹഭാഗം കശുമാവ് കൃഷിയും, ബാക്കി ഭാഗം ചെങ്കല്ല് കൊത്തി ഒഴിഞ്ഞ സ്ഥലവുമാണ്. നിർദ്ദിഷ്ട പ്രദേശം ജവഹർനവോദയ സ്കൂൾ, കാർഷിക വികസനത്തോട്ടം, മൊകേരി പഞ്ചായത്തിൻെറ പൊതു ശ്മശാനം, പ്ലാസ്റ്റിക്ക് നിർമാർജ്ജന പ്ലാൻറ് എന്നിവയോട് ചേർന്നു കിടക്കുന്നതാണെങ്കിലും നിർദ്ദിഷ്ട പദ്ധതി ഇവയെ ബാധിക്കുന്നില്ല. ആയതിനാൽ ഈ പ്രദേശം നിർദ്ദിഷ്ട പദ്ധതിക്ക് ഏറ്റവും അനുയോജ്യമാണ്.

## 1.5.സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിമൂലം 124 കുടുംബങ്ങൾക്ക് തങ്ങളുടെ ഭൂമി നഷ്ടമാകും എന്നതിനാൽ അവർ പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാണ്. പദ്ധതി പ്രദേശം വിസ്തൃതമായതും എന്നാൽ ജനവാസം കുറഞ്ഞതുമായ ഒരു ഭൂപ്രദേശമായതിനാൽ ബാധിത വ്യക്തി കളെ ബന്ധപ്പെടുവാൻ മതിയായ വിലാസം ലഭ്യമല്ല. സർവേയുടെ വേളയിൽ 68 കുടുംബങ്ങൾ തങ്ങളുടെ ഉപജീവനത്തിന് ആഘാത ബാധിതമാകുന്ന ഭുമിയെ ആശ്രയിക്കുന്നവരാണെന്നും ആയതിനാൽ ഉപജീവനം നഷ്ട്ടപ്പെടുമെന്നും പങ്കുവെച്ചു. പദ്ധതി ബാധിത പ്രദേശത്തിനടുത്ത് താമസിക്കുന്നവരെയും ജവഹർ നവോദയ സ്കൂളിലെ നിവാസികളെയും പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായി കണക്കാക്കേണ്ടതാണ്.

ഭൂമി നഷ്ടം: 124 (കുടുംബങ്ങൾ)

ഉപജീവന മാർഗ്ഗം നഷ്ടമാകൽ: 68 (സർവ്വേ ചെയ്ത 124 വ്യക്തികളിൽ)

കൃഷി നഷ്ടം :114 (സർവ്വേ ചെയ്ത 124 വ്യക്തികളിൽ)

മേൽപറഞ്ഞ പ്രത്യാഘാതങ്ങൾ കൂടാതെ ധാരാളം മരങ്ങളും പദ്ധതിയ്ക്കുവേണ്ടി വെട്ടിമാറ്റേണ്ടിവരും.

***പട്ടിക 1.5.1.ഫലദായക വസ്തുക്കളിലുള്ള പ്രത്യാഘാതം***

| വൃക്ഷത്തിൻെറ പേര് | ഏകദേശ എണ്ണം |
|---|---|
| **തെങ്ങ്** | 1271 |
| **കമുക്** | 1291 |
| **കശുമാവ്** | 23312 |
| **പ്ലാവ്** | 111 |
| **വാഴ** | 740 |
| **റബ്ബർ** | 560 |
| **കുരുമുളക്** | 788 |
| **തേക്ക്** | 8 |
| **വീട്ടി** | 15 |
| **മഹാഗണി** | 214 |
| **ഉപ്പില** | 70 |
| **പുളി** | 86 |
| **ജാതി** | 13 |
| **കൊന്ന** | 10 |

**കുറിപ്പ്:** മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽനിന്നും ലഭിച്ചതാണ്;രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്.

## നിർദ്ദിഷ്ട പ്രദേശം







## 1.6. ലഘൂകരണ  നടപടികൾ

ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O.(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി കണ്ണൂർ ജില്ലയിലെ മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ വില്ലേജുകളിൽ  കിൻഫ്രയുടെ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് ബാധകമാണ്.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1 പദ്ധതിയുടെ പശ്ചാത്തലം

കേരളത്തിൽ വ്യവസായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനു അനുബന്ധ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണു കിൻഫ്ര പ്രവർത്തനം ആരംഭിച്ചത്. അനുബന്ധ സൗകര്യങ്ങളുടെ വികസനത്തിനായി പ്രവർത്തിക്കുന്ന കേരള സർക്കാരിൻെറ ഒരു സ്ഥാപനമായ കിൻഫ്ര 1993–ൽ സ്ഥാപിതമായതു മുതൽ കേരളത്തിലെ വ്യവസായങ്ങളുടെ അനുബന്ധ സൗകര്യങ്ങളുടെ വികസനം നയിച്ചു കൊണ്ടേയിരിക്കുകയാണ്. വ്യവസായങ്ങൾക്ക് അനുബന്ധ സൗകര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് കേരളത്തിലെ വ്യവസായ വികസനം ത്വരിതപ്പെടുത്തുക എന്നതാണ് കിൻഫ്ര ലക്ഷ്യമാക്കുന്നത്. സാമൂഹ്യ അനുബന്ധ സൗകര്യങ്ങളായ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം, ബാങ്ക്, പോസ്റ്റ് ഓഫീസ്, റൗണ്ട് ദ ക്ലോക്ക് സെക്യൂരിറ്റി എന്നിവയ്ക്കു പുറമെ വികസിത ഭൂമി അല്ലെങ്കിൽ പണിതീർന്ന സ്ഥലം, വൈദ്യുതിയുടെ ലഭ്യത, തുടർച്ചയായുള്ള ജലവിതരണം, നല്ല നിലവാരമുള്ള ഉൾറോഡുകൾ, വിനിമയ സൗകര്യങ്ങൾ മുതലായവയും നൽകിക്കൊണ്ട് വ്യവസായ യൂണിറ്റുകൾ കുറഞ്ഞ ചിലവിലും കുറഞ്ഞ സമയ പരിധിയിലും ആരംഭിക്കുന്നതിനുള്ള അനുകൂല സാഹചര്യം കിൻഫ്ര വികസിപ്പിക്കുന്ന വ്യവസായ പാർക്കുകൾ ഉറപ്പാക്കുന്നു.

വ്യവസായ വികസനത്തിൽ കേരളം പരമ്പരാഗതമായി പിന്നിലാണ്. ആയതിനാൽ വലിയ വ്യവസായ നിക്ഷേപങ്ങൾക്കും സ്വകാര്യ വ്യവസായ നിക്ഷേപങ്ങൾക്കും ഊന്നൽ കൊടുത്തുകൊണ്ടുള്ള പോളിസികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. നിലവിൽ വടക്കൻ കേരളത്തിൽ വ്യവസായ പാർക്ക് കുറവായതിനൽ ആളുകൾ തൊഴിലിനായ് ആശ്രയിക്കുന്നത് കൊച്ചി, ബാംഗ്ലൂർ,ബോംബെ മുതലായ വികസിത പട്ടണങ്ങളെയാണ്. ആയതിനൽ വികസനത്തിനും, തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായിട്ടാണ് കിൻഫ്ര വടക്കൻ കേരളത്തിൽ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനു പദ്ധതിയിടുന്നത്.

## 2.2. പദ്ധതിയുടെ യുക്തി

വിവിധ മേഖലകളിൽ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃക ആയി ക്കൊണ്ടേയിരിക്കുകയാണ്. സാക്ഷരതയുടെ കാര്യത്തിലാണെങ്കിലും മാനുഷിക വികസന സൂചികകളുടെ കാര്യത്തിലാണെങ്കിലും ഈ വടക്കൻ സംസ്ഥാനം മാറ്റമില്ലാതെ മുൻപന്തിയിൽ തന്നെയാണ്. വ്യവസായ പാർക്കുകളുടെ ആഗമനം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും പ്രദേശത്തിൻെറ മൊത്തം വികസനത്തിനു വഴിതെളിക്കുകയും ചെയ്യും.

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽപ്പെട്ട മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ വില്ലേജുകളിൽ പെട്ട 506 ഏക്കർ സ്ഥലത്ത് വ്യവസായ പാർക്ക് നിർമ്മിക്കുക എന്നതാണ് നിർദ്ധിഷ്ട പദ്ധതി. ആയതിനാൽ ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ളനിയമം 2013 വകുപ്പ് 2(b)(i) പ്രകാരം പ്രസ്തുത പദ്ധതി ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽപ്പെട്ട മൊകേരി വില്ലേജിലെ വള്ള്യായി ദേശത്തും, ചെറുവാഞ്ചേരി വില്ലേജിലെ ചെറുവാഞ്ചേരി ദേശത്തും പുത്തൂർ വില്ലേജിലെ ചെണ്ടയാട് ദേശത്തുംവ്യവസായ പാർക്ക് നിർമ്മിക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി.ഇതിനു വേണ്ടി ഏകദേശം 506 ഏക്കർ ഭൂമിയാണു ഏറ്റെടുക്കാൻ ആവശ്യമായി വരുന്നത്.

**ചെലവ് :**

ഭൂമി ഏറ്റെടുക്കുന്നതിൻെറ ചിലവായി കണക്കാക്കിയിരിക്കുന്നത്1250 കോടി രൂപയാണ്.

**ആശങ്കകൾ** :

പദ്ധതിയുടെ പ്രതീക്ഷിക്കാവുന്ന ആശങ്കകൾ താഴെ പറയുന്നു:

1. പരിസ്ഥിതിയുടെ നാശം

2. പരിസ്ഥിതി മലിനീകരണം

3. ആരോഗ്യ പ്രശ്നങ്ങൾ

## 2.4. ഇതര മാർഗ്ഗങ്ങൾപരിശോധിക്കൽ

ജനവാസം കുറവായതിനാലും,വ്യവസായത്തിനും മറ്റുമുള്ള വെള്ളം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ എന്നിവയുടെ ലഭ്യത വളരെ കൂടുതലുമായതിനാൽ ഈ പ്രദേശം നിർദ്ദിഷ്ട പദ്ധതിക്ക് ഏറ്റവും അനുയോജ്യമാണ്.

### 2.5പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പ്രസ്തുത പദ്ധതി ഒറ്റ ഘട്ടത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

കേരളസർക്കാരുമായിട്ടുള്ള ചർച്ചയ്ക്ക് ശേഷം പദ്ധതിക്ക് അനുയോജ്യമായ പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ എന്നിവ തീരുമാനിക്കുന്ന തായിരിക്കും.

### 2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

നിർദ്ദിഷ്ട സൗകര്യങ്ങൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു.

## 2.8 ആവശ്യമായ തൊഴിൽ ശക്തി

പദ്ധതിക്ക് ഒരു വർഷത്തേക്ക് 300 തൊഴിൽ ശക്തി ആവശ്യമാണ്

### 2.9. മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്കുവേണ്ടി മറ്റു പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല, സാമൂഹ്യ പ്രത്യാഘാത പഠനം നടന്നുകൊണ്ടിരിക്കുന്നു.

## 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

കിൻഫ്രക്ക് വേണ്ടി കണ്ണൂർ ജില്ലയിലെ മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ വില്ലേജുകളിൽ വ്യവസായ പാർക്ക് നിർമ്മിക്കുന്നപദ്ധതിക്കുവേണ്ടി ഭൂമിഏറ്റെടുക്കൽ, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
- കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 29/12/2017 തീയതിയിലെG.O(Ms)No.448/2017/RDപ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി
- വിവരാവകാശ നിയമം 2005

# അദ്ധ്യായം 3

# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

കേരള സർക്കാർ18/05/2019ൽ പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ G.O.(P)No.27/ 2019/RD അനുസരിച്ച്കിൻഫ്രക്ക്വേണ്ടി കണ്ണൂർ ജില്ലയിലെമൊകേരി വില്ലേജിലെ വള്ള്യായിദേശത്തും, ചെറുവാഞ്ചേരിവില്ലേജിലെ ചെറുവാഞ്ചേരിദേശത്തുംപുത്തൂർ വില്ലേജിലെ ചെണ്ടയാട് ദേശത്തും വ്യവസായ പാർക്ക് നിർമ്മിക്കുന്നപദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തി.

### 3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിൻെറ പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ, വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യപ്രത്യാഘാത വിലയിരുത്തലുകളും നടത്തിയ അനുഭവസമ്പത്തുള്ള 10 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനു വേണ്ടിയുള്ള വിവര ശേഖരണവും ഏകോപനവും നടത്തിയത്. പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾതാഴെ വിവരിക്കുന്നു.

***പട്ടിക 3.1.1.*പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയൊഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയി ജോസഫ് | എം.എ (എച്ച്.ആർ.എം),എൽ.എൽ.ബി,പി.എച്ച്.ഡി. കൺസൽട്ടൻറ് ആൻഡ് പ്രിൻസിപ്പാൽ ഓഫ് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് | അധ്യാപക,ഗവേഷണ, പരിശീലനമേഖലയിൽ 22 വർഷത്തെ പ്രവർത്തന പരിചയം. |
| 2 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ കൺസൽട്ടൻറ്, എസ്.ഐ.എ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം. |
| 3 | മരിയ ടെൻസി വി.എസ് | എം.എ,ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 26 വർഷത്തെ പ്രവർത്തന പരിചയം. |
| 4 | രഞ്ജിത് കെ.യു. | ബി.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 23 വർഷത്തെ പ്രവർത്തന പരിചയം. |
| 5 | ബിജു സി.പി. | ബി.എ, | വികസനമേഖലയി |

| | | | |
|---|---|---|---|
| | | റിസേർച്ച് അസ്സോസിയേറ്റ് | ൽ 23 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ലിജി വി.ഇ. | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ടോണി ബാബു | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം |
| 8 | മിഥുൻ മാത്യു | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 4 വർഷത്തെ പ്രവർത്തന പരിചയം |
| 9 | ജിജിൻ പി.എസ്. | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം |

**3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും**

പദ്ധതിബാധിത ഭൂമിയുടേയും കെട്ടിടങ്ങളുടേയും, കുടുംബങ്ങളുടേയും, വ്യക്തികളുടേയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തുകയും പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും കൂടാതെ സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഉദ്ദേശം.നിലവിലുള്ള പ്രക്രിയക്ക് വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്തു.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ ഭാഗമായിനിർദ്ദിഷ്ട പദ്ധതി ബാധിത മേഖലയിലെ ഗുണപരവും ദോഷപരവുമായ പ്രത്യാഘാതങ്ങൾ തിട്ടപ്പെടുത്തുന്നതിന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിലെ പരിചയ സമ്പന്നരായ അംഗങ്ങൾ സെൻസസ് മാതൃകയിലുള്ളസാമൂഹിക-സാമ്പത്തിക സർവ്വേ നടത്തി.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുൻപേ പദ്ധതിയെക്കുറിച്ചുള്ള പരമാവധി വിവരങ്ങൾ പഠനസംഘം ശേഖരിച്ചു.ചോദ്യാവലി ഉപയോഗിച്ചാണ് വിവരശേഖരണം നടത്തിയത്.

**വിവര ശേഖരണം:**





**3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി**

മാതൃകാപരിശോധനാ രീതി നിർദ്ദിഷ്ട പഠനത്തിന് അനുയോജ്യമല്ലാത്തതിനാൽ പദ്ധതിബാധിതരായ 200 വ്യക്തിളെയും വിശദമായ് പഠിച്ചു.

**3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം**

റവന്യൂ വകുപ്പ്,അർത്ഥനാധികാരി എന്നിവരിൽ നിന്നും പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ ശേഖരിച്ചു.ആഘാതബാധിത ജനങ്ങളിൽ നിന്നും തത്പരകക്ഷികളിൽ നിന്നും സർവ്വെയിലൂടെ ശേഖരിച്ച പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ഏകോപിപ്പിച്ചു. കൂടാതെ പദ്ധതി പ്രദേശത്തിന്റെ ഭൗതീകവും, സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവുമായ പ്രത്യേകതകളെക്കുറിച്ച് വിശദമായി മനസ്സിലാക്കി.

**3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും**

18.05.2018: സാമൂഹ്യപ്രത്യാഘാത പഠനം നടത്തുവാൻ കേരള

സർക്കാർ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തുന്നു

18.05.2018 : വിജ്ഞാപനം 4(1) പ്രസിദ്ധപ്പെടുത്തൽ

ഡിസംബർ 2018 : പദ്ധതി പ്രദേശത്ത് പ്രാഥമിക സന്ദർശനം

ജനുവരി, ഫെബ്രുവരി2019 : വിവര ശേഖരണം

27.02.2019 : പബ്ലിക് ഹിയറിങ്ങിൻെറ വിജ്ഞാപനം

13.03.2019 : പബ്ലിക് ഹിയറിങ്ങും കരട് രേഖ അവതരണവും

## പഠനത്തിൻെറ പരിമിതി

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽനിന്നും ലഭ്യമായ വിവരം അനുസരിച്ച് 124 വ്യക്തികളുടെസ്ഥലമാണ് ഏറ്റെടുക്കപ്പെടുന്നത്. പക്ഷേ ബാധിത വ്യക്തികളെ ബന്ധപ്പെടുവാൻ മതിയായ വിലാസം ലഭ്യമല്ല. പദ്ധതി പ്രദേശം വിസ്തൃതമായതും എന്നാൽജനവാസം കുറഞ്ഞതുമായ ഒരു ഭൂപ്രദേശമാണ്. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് പ്രദേശത്തെ പ്രമുഖ ദിനപത്രത്തിലൂടെയും മറ്റ് മാധ്യമത്തിലൂടെയും സർവ്വേയെക്കുറിച്ച് അറിയിച്ചിരുന്നു. വീടുകൾ തോറും കയറിയിറങ്ങി സർവ്വേ നടത്തിയതു കൂടാതെ പ്രത്യേക വേദിയിൽ വച്ചും ആഘാത ബാധിത വ്യക്തികളുമായ് കൂടിക്കാഴ്ച്ച നടത്തുകയുണ്ടായി. എന്നിട്ടും ആഘാത ബാധിതരായ 200 വ്യക്തികളുമായ് ബന്ധപ്പെടുവാനേ സാമൂഹ്യപ്രത്യാഘാത യൂണിറ്റിന് കഴിഞ്ഞിട്ടുള്ളു എന്നത് പഠനത്തിൻെറ ഒരു പരിമിതിയായി കാണേണ്ടതാണ്.

# അദ്ധ്യായം4

# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

**4.1.ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയുംസഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം**

കിൻഫ്രക്കുവേണ്ടി വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനുള്ള നിദ്ദിഷ്ട പ്രദേശം കൂത്തുപറമ്പ് റോൽനിന്നും 6 കിലോമീറ്റർ മാറി സ്ഥിതി ചെയ്യുന്നതും ജവഹർ നവോദയ സ്ക്കൂൾ, കാർഷിക വികസനത്തോട്ടം, മൊകേരി പഞ്ചായത്തിൻെറ പൊതു ശ്മശാനം, പ്ലാസ്റ്റിക്ക് നിർമാർജ്ജന പ്ലാൻറ് എന്നിവയോട് ചേർന്നു കിടക്കുന്നതുമായ പ്രദേശമാണ് നിർദ്ദിഷ്ടപ്രദേശം.നിർദ്ദിഷ്ട പദ്ധതിക്ക് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൻെറ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കും. പാത്തിപാലം പുഴ അടുത്തായതിനാലും, വൈദ്യുതിയുടെയും ഗതാഗത മാർഗ്ഗങ്ങ ളുടെയും ലഭ്യത ഉള്ളതിനാലും നിർദ്ദിഷ്ട പ്രദേശം വ്യവസായ പാർക്കിനു ഏറ്റവും അനുയോജ്യമാണ്. 6 ൽ കൂടുതൽ സ്ഥലങ്ങളിൽ നിന്ന് നിർദ്ദിഷ്ട പദ്ധതി പ്രദേശത്തേക്ക് എത്തിച്ചേരാൻ കഴിയും.

***നിർദ്ദിഷ്ട സ്ഥലത്തിൻെറ ഭൂപടം***




**4.2 പദ്ധതിയുടെ സ്വാധീനം മൂലം പ്രത്യാഘാത ബാധിതമാകുന്ന മൊത്തം പ്രദേശം**

നിർദ്ദിഷ്ട പതി 3 വീടുകളെ ബാധിക്കുന്നുണ്ടെങ്കിലും അന്തിമ പ്ലാൻ തയ്യാറാ ക്കുമ്പോൾ അവയെ ഒഴിവാക്കാവുന്നതാണ്. നടത്തിയ പഠനമനുസരിച്ച് പദ്ധതിയ്ക്കു വേണ്ടി സ്ഥലം നഷ്ടപ്പെടുന്ന ഉടമകളായ 124 വ്യക്തികളാണ് പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതർ.

**പട്ടിക 4.2.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ**

| **പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ** | **കുടുംബങ്ങളുടെ എണ്ണം** |
|---|---|
| കൃഷി നഷ്ടപ്പെടൽ | 114 |
| ഉപജീവനമാർഗം നഷ്ടപ്പെടൽ | 68 |

ഈ പദ്ധതി മൊത്തത്തിൽ 124 വ്യക്തികളെ പ്രത്യക്ഷമായി ബാധിക്കുകയും അവരുടെ സ്ഥലവും വസ്തുക്കളും നഷ്ടമാകുകയും ചെയ്യുന്നു. അവരിൽ കൂടുതൽ കുടുംബങ്ങളും പദ്ധതി പ്രദേശത്തുനിന്നു കുറെ മാറിയാണു താമസിക്കുന്നത്. അവരിൽ 124 പേരെ സാമൂഹ്യ പ്രത്യാഘാത യൂണിറ്റ് കണ്ടെത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.സാമൂഹ്യ പ്രത്യാഘാത പഠനത്തിൻെറ ഭാഗമായിപഠനം നടത്തിയ വ്യക്തികളിൽ 68 പേർക്ക് ഉപജീവനം നഷ്ടപ്പെടുന്നുണ്ട്. 114 കുടുംബങ്ങൾക്ക് കൃഷിനഷ്ടപ്പെടുന്നു.

**പരോക്ഷ പ്രത്യാഘാതം**

പദ്ധതി നിർമ്മാണ വേളയിൽ പൊതുജനങ്ങൾക്ക് പൊടിശല്യം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ, വഴി തടസപ്പെടൽ തുടങ്ങിയവ ഉണ്ടാകുവാനിടയുണ്ട്; ആയത് ദൂരീകരിക്കുവാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

പദ്ധതിപ്രദേശത്തിനടുത്ത് താമസിക്കുന്ന സ്ഥലം ഏറ്റെടുക്കാത്ത കുടുംബങ്ങൾ പദ്ധതിയെക്കുറിച്ച് ആശങ്ക രേഖപ്പെടുത്തി. ആവരുടെ ആശങ്ക ദുരീകരിക്കേണ്ടതാണ്.

**4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

കണ്ണൂർ ജില്ലയിലെ മൊകേരി, ചെറുവാഞ്ചേരി, പുത്തൂർവില്ലേജുകളിലെ നിർദ്ദിഷ്ട വ്യവസായ പാർക്കിൻെറ നിർമാണത്തിനു 506 ഏക്കർ ഭൂമിയാണു ആവശ്യമായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

**4.4.പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത്മൊകേരി പഞ്ചായത്തിൻെറ പൊതു ശ്മശാനം സ്ഥിതിചെയ്യുന്നു.പൊതു റോഡുകൾനിർദ്ദിഷ്ട പ്രദേശത്തിൻെറ സമീപത്തുണ്ട്.

**4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

വ്യവസായ പാർക്കിനുവേണ്ടി നേരത്തെ ഏറ്റെടുത്ത 128 ഏക്കർ ഭൂമി ഉണ്ട്.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

കൂത്തുപറമ്പ് റോഡിൽനിന്നും 6 കിലോ മീറ്റർ മാറി സ്ഥിതി ചെയ്യുന്ന നിർദ്ദിഷ്ടപ്രദേശത്ത് ജലത്തിൻെറയും, വൈദ്യുതിയുടെയും ഗതാഗത മാർഗ്ഗങ്ങളുടെയും ലഭ്യത ഉണ്ട്.മൊകേരി, ചെറുവാഞ്ചേരി, പുത്തൂർവില്ലേജുകളിലെ 506ഏക്കർ സ്ഥലമാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

**4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

താഴെകൊടുത്തിരിക്കുന്ന രേഖാചിത്രം സ്ഥലങ്ങളുടെ തരത്തെ സൂചിപ്പിക്കുന്നു ഏറ്റെടുക്കപ്പെടുന്ന 69ശതമാനം വസ്തുക്കൾ "നിലം" വിഭാഗത്തിലും 31 ശതമാനം എണ്ണം "ഓപ്പൺ ലാൻറ്" വിഭാഗത്തിലും പെടുന്നു.

***ചിത്രം 4.7.1 സ്ഥലങ്ങളുടെ തരം***



**ഭൂമിയുടെ ഉപയോഗം**




**ചിത്രം 4.7.2 ആഘാതബാധിതഭൂമിയുടെ നിലവിലെ ഉപയോഗം**

ആഘാതബാധിത ഭൂമിയുടെ നിലവിലെ ഉപയോഗമാണ് മുകളിലെ ചിത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.2.4% തുറസ്സായ സ്ഥലമാണ്.88.7% കുടുംബങ്ങൾ കൃഷിക്ക് വേണ്ടിയും 5.6% കുടുംബങ്ങൾ താമസത്തിനു വേണ്ടിയുംഉപയോഗിക്കുന്നു. 3.2% കുടുംബങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു

**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

കണ്ണൂർ ജില്ലയിലെ മൊകേരി, ചെറുവാഞ്ചേരി, പുത്തൂർവില്ലേജുകളിൽ വ്യവസായ പാർക്ക് നിർമ്മിക്കുക എന്നതാണു നിർദ്ദിഷ്ട പദ്ധതി. ആഘാതബാധിത ഭൂമി 124കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്. നിർദ്ദിഷ്ട പദ്ധതി 3 വീടുകളെ ബാധിക്കുന്നുണ്ടെങ്കിലും അന്തിമ പ്ലാൻ തയ്യാറാക്കുമ്പോൾ അവയെ ഒഴിവാക്കാവുന്നതാണ്.

**4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

വിവരദാതാക്കളിൽ നിന്നു ലഭിച്ച വിവരപ്രകാരംമൂന്നു വർഷത്തിനിടയിൽ ആഘാതബാധിത വസ്തുക്കളിൽഒരു വ്യവഹാരം നടന്നിട്ടുണ്ട്.

# അദ്ധ്യായം 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പ്രസ്തുതപദ്ധതി മൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളും പ്രത്യാഘാതത്തിന്റെ വ്യാപ്തിയും പ്രത്യാഘാത ദൂരീകരണത്തിനായ് അർത്ഥനാധികാരി കൈക്കൊള്ളുന്ന നടപടികളെക്കുറിച്ചുമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

#### *1.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ ( ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകൾ)*

വ്യവസായ പാർക്കിന്റെ നിർമ്മാണ പദ്ധതിയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ 124കുടുംബങ്ങളാണ് പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരാകുന്നത്. ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ വിസമ്മതിച്ച ആഘാത ബാധിതരാകുന്ന കുടുംബങ്ങളെയും ഈ പദ്ധതി ബാധിക്കും. ഇവരിൽ ഭൂരിഭാഗവും പദ്ധതി പ്രദേശത്തുനിന്നും അകലെ താമസിക്കുന്നു.പ്രസ്തുത 124 കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം താഴെ വിവരിക്കുന്നു.

***പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം:***

***പട്ടിക 5.1.1. മതവിഭാഗമനുസരിച്ച് കുടുംബങ്ങളുടെ എണ്ണം***

| മതം | എണ്ണം |
|---|---|
| ഹിന്ദു | 121 |
| മുസ്ലീം | 2 |
| ക്രിസ്റ്റ്യൻ | 1 |
| ആകെ | **124** |

ആഘാതബാധിതരാകുന്ന കുടുംബങ്ങളിൽ 121 പേർ ഹിന്ദു മതത്തിലും 2പേർ മുസ്ലിം മതത്തിലുംഒരു കുടുംബംക്രിസ്റ്റ്യൻ മതത്തിലും ഉള്ളവരാണെന്ന്പട്ടിക 5.1.1. വെളിവാക്കുന്നു.

***പട്ടിക 5.1.2.ആഘാതബാധിത കുടുംബങ്ങളുടെ സാമൂഹ്യവിഭാഗം***

| ജാതി | എണ്ണം |
|---|---|
| മറ്റ് പിന്നോക്ക വിഭാഗം | 109 |
| പൊതുവിഭാഗം | 11 |
| മറ്റുള്ളവ(ഒ.ഇ.സി) | 1 |
| എസ്.സി | 3 |
| ആകെ | 200 |

ആഘാതബാധിതരാകുന്ന കുടുംബങ്ങളിൽ 109 കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും 11 കുടുംബങ്ങൾ പൊതുവിഭാഗത്തിലും 1കുടുംബങ്ങൾ മറ്റുള്ളവ (ഒ.ഇ.സി) വിഭാഗത്തിലും 3 കുടുംബങ്ങൾ എസ്.സി വിഭാഗത്തിലും ഉള്ളവരാണെന്ന് പട്ടിക 5.1.2. വെളിവാക്കുന്നു

***പട്ടിക 5.1.3.കുടുംബഘടന***

| കുടുംബഘടന | എണ്ണം |
|---|---|
| കൂട്ടുകുടുംബം | 7 |
| അണുകുടുംബം | 115 |
| വിവരം നൽകാത്തത് | 2 |
| **ആകെ** | **124** |

ആഘാതബാധിതരാകുന്ന കുടുംബങ്ങളിൽ 7 കൂട്ടുകുടുംബവും,115 അണുകുടുംബവുമാണ്. 2 കുടുംബങ്ങൾ ഇതിനോട് പ്രതികരിച്ചില്ല

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

ഇല്ല

5.3. **പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സംസ്ഥാന ഗവണ്മെൻറ് കുടുംബങ്ങൾക്ക് പതിച്ച് നൽകിയിരിക്കുന്ന മിച്ച ഭൂമിയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു

**5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.6.3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

സാമൂഹ്യ പ്രത്യാഘാത പഠനത്തിൻെറ ഭാഗമായിപഠനം നടത്തിയ 124കുടുംബങ്ങളിൽ 68 (54.8%) പേർ ഉപജീവനത്തിനായി നിർദ്ദിഷ്ട ഭൂമിയെ ആശ്രയിക്കുന്നവരാണ്എന്ന് പങ്കുവെച്ചു.

***5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)***

ആഘാതബാധിത പ്രദേശത്ത്വർഷങ്ങളായി കാർഷിക വൃത്തിയിൽ ഏർപ്പെട്ട് കൊണ്ടിരിക്കുന്ന തൊഴിലാളികളെയും പ്രദേശത്തിനടുത്തുള്ള നിവാസിക ളെയും പദ്ധതിയുടെ പരോക്ഷ ആഘാതബാധിതരായ് കാണേണ്ടതാണ്.

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

- പദ്ധതിയുടെ പ്രത്യാഘാതബാധിതമാകുന്ന ഫലദായക വസ്തുക്കളുടെ വിവരണം പട്ടിക 1.5.1.ൽ വിവരിച്ചിട്ടുണ്ട്.

# അദ്ധ്യായം 6

## സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

സർവ്വെ ചെയ്ത 124 കുടുംബങ്ങളിൽ3 കുടുംബങ്ങൾ പദ്ധതിപ്രദേശത്ത് താമസിക്കുന്നുണ്ടെങ്കിലും അന്തിമ പ്ലാൻ തയ്യാറാക്കുമ്പോൾ അവയെ ഒഴിവാക്കാവുന്നതാണ്. 124 കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ ചുവടെ വിശകലനം ചെയ്യുന്നു.

**പട്ടിക 6.1.1. ജനസംഖ്യാപരമായ വിവരങ്ങൾ**

| പ്രായം | കുടുംബങ്ങളുടെഎണ്ണം |
|---|---|
| 0-17 | 109 |
| 18-30 | 75 |
| 31-45 | 136 |
| 46-60 | 102 |
| 61 ഉം അതിൽ കൂടുതലും | 72 |
| **ആകെ** | **494** |

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക പഠനം നടത്തിയ 124കുടുംബങ്ങളിൽ 494 അംഗങ്ങളുണ്ടെന്ന് വെളിപ്പെടുത്തുന്നു. ആഘാത ബാധിത ജനങ്ങളിൽ 17 വയസ്സിൽ താഴെ 109, 18നും 30നും ഇടയിൽ 75 ഉം, 31നും 45നും ഇടയിൽ 136 ഉം, 46 നും 60 നും ഇടയിൽ102 ഉം കൂടാതെ 61 വയസിനു മുകളിൽ പ്രായമുള്ള 72 വ്യക്തികളുംഉണ്ട്.

**പട്ടിക 6.1.2. ആഘാതബാധിത ജനങ്ങളുടെ വൈവാഹികാവസ്ഥ**

| **വൈവാഹികാവസ്ഥ** | **ആകെ** |
|---|---|
| വിവാഹിതർ | 290 |
| അവിവാഹിതർ | 65 |
| വിധവ/വിഭാര്യൻ | 42 |

പദ്ധതി ബാധിത ജനങ്ങളിൽ 290 പേർ വിവാഹിതരും, 65 പേർ അവിവാഹിതരും ആണെന്ന് പട്ടിക 6.1.2. വെളിപ്പെടുത്തുന്നു. 42 വിധവ/വിഭാര്യരും ആഘാത ബാധിത ജനവിഭാഗത്തിൽ ഉണ്ട്.

### 6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും




26% ആഘാതബാധിത കുടുംബങ്ങൾക്ക്5000 രൂപയ്ക്ക് താഴെയെ മാസവരുമാനമുള്ളു.5001 നും 15000 നുമിടയിൽ വരുമാനമുണ്ടെന്ന് 28% കുടുംബങ്ങൾ വ്യക്തമാക്കി. 15001 നും 30000 നും ഇടയിൽ 32% കുടുംബങ്ങൾക്കും, 30001 നും 50000 നും ഇടയിൽ 9% കുടുംബങ്ങൾക്കും, 50001 നും 70000 നും ഇടയിൽ 1% കുടുംബങ്ങൾക്കും, 70001 നും 100000 നും ഇടയിൽ 3% കുടുംബങ്ങൾക്കും വരുമാനമുണ്ട്. ബാധിത കുടുംബങ്ങളിൽ 1% കുടുംബങ്ങൾക്ക് മാത്രമാണ് 1 ലക്ഷം രൂപയ്ക്ക് മുകളിൽ വരുമാനമുള്ളത്. 24% കുടുംബങ്ങൾ പ്രസ്തുത വിവരം വെളിപ്പെടുത്തിയില്ല.

***പട്ടിക 6.2.2 റേഷൻ കാർഡിന്റെ തരം***

| റേഷൻ കാർഡിന്റെ നിറം | കുടുംബങ്ങളുടെ എണ്ണം |
|---|---|
| വെള്ള | 35 |
| നീല | 48 |
| പിങ്ക് | 26 |
| മഞ്ഞ | 5 |
| വിവരം വെളിപ്പെടുത്താത്തത് | 10 |
| ആകെ | **124** |

പൊതുവിതരണ സംവിധാനമനുസരിച്ചുള്ള തരംതിരിവിൻെറ അടിസ്ഥാനത്തിൽ ആഘാതബാധിത കുടുംബങ്ങൾക്ക് ലഭ്യമായിരിക്കുന്ന റേഷൻ കാർഡിൻെറ നിറം ഏതാണെന്ന് മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക വിവരിക്കുന്നു. 35 കുടുംബങ്ങൾക്ക് വെള്ളയും 48 കുടുംബങ്ങൾക്ക് നീലയും26 കുടുംബങ്ങൾക്ക് പിങ്കും 5 കുടുംബങ്ങൾക്ക് മഞ്ഞയും നിറത്തിലുള്ള റേഷൻ കാർഡ് ആണ് ലഭ്യമായിരിക്കുന്നത്. 10 കുടുംബങ്ങളിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചില്ല.

***പട്ടിക 6.2.1.5പദ്ധതിയെക്കുറിച്ച് ആഘാത ബാധിത കുടുംബങ്ങളുടെ അഭിപ്രായം***

| അഭിപ്രായം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| നല്ല അഭിപ്രായം | 10 | 8.2 |
| പദ്ധതിയോട് സംതൃപ്തരാണ് | 106 | 85.4 |
| പദ്ധതിയെ പ്രോത്സാഹിപ്പിക്കുന്നില്ല | 8 | 6.4 |
| **ആകെ** | **124** | **100** |

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ആഘാത ബാധിതമായ കുടുംബങ്ങളിൽ ഭൂരിഭാഗവും(93.6%) ഈ പദ്ധതിയോടു താൽപര്യം പ്രകടിപ്പിക്കുന്നു എന്നു മനസ്സിലാക്കാൻ സാധിക്കുന്നു. 6.4% വ്യക്തികൾ മാത്രമാണ് പദ്ധതിയോട് വിസമ്മതം പ്രകടിപ്പിക്കുന്നത്.പദ്ധതിയോട്സംതൃപ്തി പ്രകടിപ്പിച്ചവർ ന്യായമായ പ്രതിഫലവും പ്രതീക്ഷിക്കുന്നു.

### 6.3 ദുർബ്ബലജനവിഭാഗം

- ആഘാതബാധിത ജനങ്ങളിൽ പെട്ട 61 വയസ്സിന് മുകളിൽ പ്രായമുള്ള 72വ്യക്തികളെയും 18 വയസ്സിൽ താഴെയുള്ള 109 കുട്ടികളെയും പദ്ധതിബാധിതരായ ദുർബ്ബലവിഭാഗത്തിലുള്ളവരായി കണക്കാക്കാവുന്നതാണ്.
- ആഘാതബാധിത കുടുംബങ്ങളിലെ വിധവ/വിഭാര്യരായ 42 വ്യക്തികളെയും ദുർബ്ബലജനവിഭാഗമായ് കാണേണ്ടതാണ്.

**6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും**

124വ്യക്തികളെ പഠിച്ചതിൽ 88.7% പേരും അവരുടെ സ്ഥലം കൃഷിക്ക് വേണ്ടിയാണു ഉപയോഗിക്കുന്നത്, അവരിൽ ഭൂരിഭാഗവും കശുമാവ്കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. പദ്ധതി പ്രദേശത്തെ ഉപജീവനത്തിനായി ആശ്രയിക്കുന്നവരാണെന്ന് 68 കുടുംബങ്ങൾ പങ്കുവെച്ചു

**6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ**

കൃഷിക്ക് പുറമെ ചെങ്കൽ പണകളുടെ പ്രവർത്തനവുംനിർദ്ദിഷ്ട പ്രദേശത്ത് നടക്കുന്നുണ്ട്. 2 ക്വാറികൾ പദ്ധതിപ്രദേശത്തിനു സമീപത്തായി പ്രവർത്തിക്കുന്നു.

**6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ**

നിർദ്ദിഷ്ട പ്രദേശത്തെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗം കൃഷിയാണ്.തെങ്ങും, കശുമാവുമാണ് സ്ഥലത്തെ പ്രധാന കൃഷികൾ.

**6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

നിർദ്ദിഷ്ട പ്രദേശത്തെ വസ്തുവകകളിൽ ഭൂരിഭാഗവും ഉടമകൾക്ക് പരമ്പരാഗതമായി ലഭിച്ചിട്ടുള്ളതാണ്, കൂടാതെ വിലകൊടുത്ത് വാങ്ങിയ ഏതാനും വസ്തുവകകളുമുണ്ട്. സംസ്ഥാന ഗവണ്മെൻറ് കുടുംബങ്ങൾക്ക് പതിച്ച് നൽകിയിരിക്കുന്ന മിച്ച ഭൂമിയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളാണ്.എന്നിരുന്നാലും ഏതാനും കൂട്ടുകുടുംബങ്ങളുമുണ്ട്.

സാമൂഹ്യ സാംസ്കാരികസംഘടനകൾ പദ്ധതി പ്രദേശത്ത് നിലവിൽ ഇല്ല.

**6.8 ഭരണ സംഘടനകൾ**

ഭരണസംവിധാനങ്ങളൊന്നും പദ്ധതിബാധിതമാകുന്നില്ല

**6.9 രാഷ്ട്രീയ സംഘടനകൾ**

രാഷ്ട്രീയ സംഘടനകളുടെ സംവിധാനങ്ങളൊന്നും പദ്ധതി ബാധിതമാകുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ പദ്ധതി ബാധിതമാകുന്നില്ല.

**6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ**

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽപ്പെട്ട ഒരു ഗ്രാമമാണു പദ്ധതി പ്രദേശം. ജനസംഖ്യ വളരെ കുറഞ്ഞ ഒരു പ്രദേശമാണിത്. കുറെ വർഷങ്ങളായി വികസനങ്ങളൊന്നും നടക്കാത്ത ഒരു പ്രദേശമാണിത്.

**6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം**

കണ്ണൂർ ജില്ലയിലെതലശ്ശേരി താലൂക്കിൽപ്പെട്ട മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ വില്ലജുകളിലാണ് നിർദ്ദിഷ്ട പ്രദേശം സ്ഥിതി ചെയ്യുന്നത്.നിർദ്ദിഷ്ട പ്രദേശം മരങ്ങളാൽ ചുറ്റപ്പെട്ടതാണ്. ജലം, വൈദ്യുതി, ഗതാഗത മാർഗ്ഗങ്ങൾ എന്നിവയുടെ ലഭ്യതയും നിർദ്ദിഷ്ട പ്രദേശത്തുണ്ട്. തെങ്ങും, കശുമാവുമാണ് സ്ഥലത്തെ പ്രധാന കൃഷികൾ. പ്രദേശത്തെ ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ നിവർത്തിക്കുന്നതിന് പാനൂർ, കൂത്തുപറമ്പ് ടൗണുകളെ ആശ്രയിക്കുന്നു.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

- കേരളത്തിലെഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനഃരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന പ്രകാരം പുനഃരധിവാസ, പുനഃ സ്ഥാപന, നഷ്ടപരിഹാര നടപടികൾ നടപ്പിലാക്കുക.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RDപ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരം പദ്ധതി ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനഃരധിവാസവും പുനഃസ്ഥാപനവും നൽകേണ്ടതാണ്.
- പദ്ധതി മൂലമുണ്ടായേക്കാനിടയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുന്ന തിനുള്ള മുൻകരുതലുകളും സുരക്ഷിതത്വ നടപടികളും കൈക്കൊണ്ടു എന്ന് ഉറപ്പ് വരുത്തുക.
- ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തോട് ചേർന്ന് തങ്ങളുടെ ബാക്കിയാകുന്ന സ്ഥലം കൂടി ഏറ്റെടുക്കണമെന്ന ഉടമകളുടെ ആവശ്യം പരിഗണിക്കുക.
- പദ്ധതി നിലവിൽ വന്നതിനുശേഷം തങ്ങളുടെ വാസസ്ഥലം ഒറ്റപ്പെട്ട് പോകുമെന്ന കുടുംബങ്ങളുടെ ആശങ്ക പരിഗണിക്കുക
- നഷ്ടപ്പെടുന്ന ഉപജീവനമാർഗം പുനഃസ്ഥാപിക്കുകയോ പദ്ധതിയിൽ ഉണ്ടാകുവാനിടയുള്ള ജോലിസാധ്യതകളിലേയ്ക്ക് കുടുംബാംഗങ്ങളെ പരിഗണിക്കുകയോ ചെയ്യുക
- മുറിച്ചു മാറ്റുന്ന മരങ്ങൾക്ക് പകരം മരത്തൈകൾ വച്ച് പിടിപ്പിക്കുക

## 7.2ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ളമാർഗ്ഗങ്ങൾ

7.1ൽ നൽകിയ ന്യായമായ നഷ്ടപരിഹാരങ്ങളുംനിർദ്ദേശങ്ങളും പരിഗണിക്കുക.

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/ 2017/RD നമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടിക്രമങ്ങൾബാധകമായിരിക്കും.

**7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട്അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ളനടപടികൾ**

ആസൂത്രണം നടന്നുകൊണ്ടിരിക്കുന്നു

**7.5സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

പദ്ധതി പ്രദേശത്തിനടുത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് പദ്ധതിയെക്കുറിച്ച് ഉൽക്കണ്ഠയുള്ളതിനാൽ തങ്ങളുടെ ഭൂമി കൂടി പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കണമെന്ന് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്ന സംഘടനയോട് അഭിപ്രായം പ്രകടിപ്പിച്ചു. പദ്ധതി പ്രദേശത്തിനടുത്ത് താമസിക്കുന്ന കുടുംബങ്ങൾപദ്ധതിമൂലം കാലാവസ്ഥയിൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങളെക്കുറിച്ചും ഉൽക്കണ്ഠ പ്രകടിപ്പിച്ചു. ആയതിനാൽ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും നടപടികളെക്കുറിച്ച് യഥാക്രമം ആളുകളെ അറിയിക്കുകയും വേണം.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

- കേരളത്തിലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനഃരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന പ്രകാരം പുനഃരധിവാസ, പുനഃസ്ഥാപന, നഷ്ടപരിഹാര നടപടികൾ നടപ്പിലാക്കുക.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RDപ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരം പദ്ധതി ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനരധിവാസവും പുനഃസ്ഥാപനവും നൽകേണ്ടതാണ്.
- പദ്ധതിമൂലമുണ്ടായേക്കാനിടയുള്ളപരിസ്ഥിതിപ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻ കരുതലുകളും സുരക്ഷിതത്വ നടപടികളും കൈക്കൊണ്ടു എന്ന് ഉറപ്പ് വരുത്തുക.
- ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തോട് ചേർന്ന് തങ്ങളുടെ ബാക്കിയാകുന്ന സ്ഥലം കൂടി ഏറ്റെടുക്കണമെന്ന ഉടമകളുടെ ആവശ്യം പരിഗണിക്കുക.
- പദ്ധതി നിലവിൽ വന്നതിനുശേഷം തങ്ങളുടെ വാസസ്ഥലം ഒറ്റപ്പെട്ട് പോകുമെന്ന കുടുംബങ്ങളുടെ ആശങ്ക പരിഗണിക്കുക
- നഷ്ടപ്പെടുന്ന ഉപജീവനമാർഗം പുനസ്ഥാപിക്കുകയോ പദ്ധതിയിൽ ഉണ്ടാകുവാനിടയുള്ള ജോലിസാധ്യതകളിലേയ്ക്ക് കുടുംബാംഗങ്ങളെ പരിഗണിക്കുകയോ ചെയ്യുക
- മുറിച്ചു മാറ്റുന്ന മരങ്ങൾക്ക് പകരം മരത്തൈകൾ വച്ച് പിടിപ്പിക്കുക
- വാസസ്ഥലം നഷ്ടമാകുന്നവർക്ക് പുനരധിവാസം ഉറപ്പാക്കുക

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാതനിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപനസംവിധാനം

## 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൽ നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കുവേണ്ടിയുള്ള പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരം നൽകുന്നത് വഴി കണ്ണൂർ ജില്ലയിലെ മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ വില്ലേജുകളിൽ കിൻഫ്രയുടെ വ്യവസായ പാർക്കിനായിഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രത്യാഘാതം ലഘൂകരിക്കുവാൻ സാധിക്കുന്നതാണ്.

23/09/2015 ൽ പുറപ്പെടുവിച്ചഉത്തരവ്G.O.(MS)No.485/2015/RDപ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നയത്തിൽ പറയുന്നപ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയ്ക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാ കളക്ടർ,പുനരധിവാസ-പുന:സ്ഥാപനഅഡ്മിനിസ്ട്രേറ്റർ

- ഭൂമി ഏറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനഅധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധികൾ പുനരധിവാസ നടപടി രൂപരേഖ നിരീക്ഷിക്കുന്നതായിരിക്കും.

**8.2. ഗവർണ്മെന്റേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരളത്തിലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റുംസാമ്പത്തിക നടപടികളും

**9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

ആവശ്യമായ ബഡ്ജറ്റ് വകയിരുത്തിയിട്ടുണ്ട്എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തുന്നു.

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

**9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ന്യായമായ നഷ്ടപരിഹാരം
- പുനരഃധിവാസ പുനഃസ്ഥാപന നടപടികൾ
- പദ്ധതി മൂലം പരിസ്ഥിതി പ്രശ്നങ്ങളും മറ്റ് പ്രശ്നങ്ങളും ഉണ്ടായേക്കാമെന്ന അടുത്ത പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കയും പേടിയും ഇല്ലാതാക്കൽ

## 10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

- പുനഃരധിവാസ പുനഃസ്ഥാപന നടപടികൾകേരളത്തിലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ, 2015 പ്രകാരം
- പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാതെയാക്കുവാൻ കൈക്കൊള്ളുന്ന നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലൂടെയും മാധ്യമങ്ങളിലൂടെയും ജനങ്ങളെ അറിയിക്കണം

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനുള്ള നിർദ്ദിഷ്ട പദ്ധതി സംസ്ഥാനത്ത് നിലവിൽ ഉള്ള തൊഴിലില്ലായ്മ കുറക്കുന്നതോടൊപ്പം തന്നെ ആപ്രദേശത്തിൻെറ മൊത്തത്തിലുള്ള വികസനത്തെതന്നെ ബാധിക്കുകയും ചെയ്യും.ഈ പദ്ധതി വിവിധ മേഖലകളിലായി കുറഞ്ഞത് 50,000 (നേരിട്ടും പരോക്ഷമായും) തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നു കിൻഫ്ര മുൻകൂട്ടി കാണുന്നു. പദ്ധതി പ്രദേശം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്തായതിനൽ നിർദ്ദിഷ്ട വ്യവസായ പാർക്കിലെ വലിയ പദ്ധതികൾക്ക് വിമാനത്താവളത്തിൻെറ സേവനം ഉപയോഗി ക്കാൻ കഴിയും. വ്യവസായത്തിനും മറ്റുമുള്ള വെള്ളം, വൈദ്യുതി,ഗതാഗത സൗകര്യ ങ്ങൾ എന്നിവയുടെ ലഭ്യത വളരെ കൂടുതലുമായതിനാൽ ഈ പ്രദേശം നിർദ്ദിഷ്ട പദ്ധതിക്ക് ഏറ്റവും അനുയോജ്യമാണ്. നിർദ്ദിഷ്ട പദ്ധതി 3 വീടുകളെ ബാധിക്കുന്നുണ്ടെങ്കിലും അന്തിമ പ്ലാൻ തയ്യാറാക്കുമ്പോൾ അവയെ ഒഴിവാക്കാവു ന്നതാണ്.

മൊകേരി, ചെറുവാഞ്ചേരി, പുത്തൂർവില്ലേജുകളിലെ നിർദ്ദിഷ്ട വ്യവസായ പാർക്കിനൂവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 124 കുടുംബങ്ങളെയാണു ബാധിക്കുന്നത്. ഇത് കൃഷിയേയും ബാധിക്കുന്നുണ്ട്. പഠനം നടത്തിയ കുടുംബങ്ങളിൽ 88.7% കൃഷിക്കുവേണ്ടിയാണു സ്ഥലം ഉപയോഗിക്കുന്നത്. തെങ്ങ്, റബ്ബർ, കശുമാവ് മുതലായ നിരവധി മരങ്ങൾ നഷ്ടമാകുന്നു.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

**ശുപാർശകൾ**

- കേരളത്തിലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനഃരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന പ്രകാരം പുനഃരധിവാസ, പുനഃസ്ഥാപന, നഷ്ടപരിഹാര നടപടികൾ നടപ്പിലാക്കുക.
- ആഘാതബാധിതമാകുന്ന കുടുംബങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതു മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളുംപരിഗണിച്ച് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുംപുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽG.O(Ms)No.448/2017/RDനമ്പർ പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പോളിസി പ്രകാരം ന്യായമായ നഷ്ടപരിഹാരവും പുനഃസ്ഥാപനവും നൽകി കിൻഫ്രയുടെ വ്യവസായ പാർക്കിനുവേണ്ടിയുള്ളഭൂമി ഏറ്റെടുക്കൽ നടപ്പിലാക്കാവുന്നതാണ്.
- ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തോട് ചേർന്ന് തങ്ങളുടെ ബാക്കിയാകുന്ന സ്ഥലം കൂടി ഏറ്റെടുക്കണമെന്ന ഉടമകളുടെ ആവശ്യം പരിഗണിക്കുക.
- പദ്ധതി നിലവിൽ വന്നതിനുശേഷം തങ്ങളുടെ വാസസ്ഥലം ഒറ്റപ്പെട്ട് പോകുമെന്ന കുടുംബങ്ങളുടെ ആശങ്ക പരിഗണിക്കുക
- നഷ്ടപ്പെടുന്ന ഉപജീവനമാർഗം പുനഃസ്ഥാപിക്കുകയോ പദ്ധതിയിൽ ഉണ്ടാകുവാനിടയുള്ള ജോലിസാധ്യതകളിലേയ്ക്ക് കുടുംബാംഗങ്ങളെ പരിഗണിക്കുകയോ ചെയ്യുക
- മുറിച്ചു മാറ്റുന്ന മരങ്ങൾക്ക് പകരം അത്രയും വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുക
- വാസസ്ഥലം നഷ്ടമാകുന്നവർക്ക് പുനഃരധിവാസം ഉറപ്പാക്കുക.